**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **02-02-2024 - ൽ മറുപടിയ്ക്ക്**

**പെൻഷൻ വിതരണത്തിനായി സഹകരണബാങ്ക് കൺസോർഷ്യവുമായുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (എ) | കഴിയുന്നില്ല. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത നിമിത്തം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരമായിരുന്നു പെൻഷൻ വിതരണം ചെയ്തിരുന്നത്. എന്നാൽ പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്ന കൺസോർഷ്യം ബാങ്കുകളുടെ ആവശ്യത്തിൽ തീരുമാനമാകാത്തതിനെത്തുടർന്ന് പെൻഷൻ വിതരണം മുടങ്ങുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ സർക്കാർ 2023 മാർച്ച് മാസം മുതൽക്ക് പെൻഷൻ വിതരണത്തിനായുള്ള തുക കെ.എസ്.ആർ.ടി.സി.യ്ക്ക് നേരിട്ട് അനുവദിക്കുകയും, ടി തുക വിനിയോഗിച്ച് 2023 നവംബർ മാസം വരെയുള്ള പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്തിട്ടുമുണ്ട്. പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന്റെ ആവശ്യത്തിന്മേൽ തീരുമാനമാകാത്ത സാഹചര്യം, സർക്കാരിൽ നിന്നും അനുവദിക്കുന്ന പ്രതിമാസ പെൻഷൻ തുക സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തീകരിക്കാനെടുക്കുന്ന കാലതാമസം എന്നിവ നിമിത്തമാണ് പെൻഷൻകാർക്ക് എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്. നിലവിൽ സഹകരണ ബാങ്ക് കൺസോർഷ്യം വഴി 12/2023 മുതൽ 11/2024 വരെയുള്ള ഒരു വർഷക്കാലത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പുതിയ കരാർ 10/01/2024-ൽ ഒപ്പുവെച്ചിട്ടുണ്ട്. |
| (ബി) | പെൻഷൻ വിതരണത്തിനായി സഹകരണബാങ്ക് കൺസോർഷ്യവുമായി ഉണ്ടാക്കിയ കരാറിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന് സഹകരണ | (ബി) | 8.8% നിരക്കിൽ സഹകരണ ബാങ്ക് കൺസോർഷ്യം വഴി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പുതിയ കരാറാണ് 10/01/2024-ൽ ഒപ്പുവെച്ചിട്ടുള്ളത്. എന്നാൽ, കൺസോർഷ്യം നിക്ഷേപങ്ങളുടെ പലിശ |

| | | | |
|---|---|---|---|
| | വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | നിരക്ക് 10 ശതമാനമായി ഉയർത്തണമെന്നും കൂടാതെ കെ.എസ്.ആർ.ടി.സി. കൺസോർഷ്യത്തിൽ കരാർ പ്രകാരം 8% പലിശനിരക്കിൽ മുൻപ് നിക്ഷേപിച്ചിട്ടുള്ള കുടിശ്ശിക തുക മുഴുവനും തിരികെ ലഭ്യമാക്കിയാൽ മാത്രമേ ഇനി കൺസോർഷ്യവുമായി മുന്നോട്ട് പോകുന്നതിന് കഴിയൂ എന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (സി) | പെൻഷൻ വിതരണം ചെയ്ത ഇനത്തിൽ സഹകരണ ബാങ്കുകൾക്ക് കെ.എസ്.ആർ.ടി.സി. തുക തിരിച്ചടയ്ക്കാനുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) | പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തരം ചെലവഴിച്ച തുക സർക്കാരാണ് കൺസോർഷ്യത്തിന് മടക്കി നൽകിവരുന്നത്. ഈ ഇനത്തിൽ നവംബർ 2022 മുതൽ ഫെബ്രുവരി 2023 വരെ പെൻഷൻ വിതരണത്തിനായി ചെലവഴിച്ച സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കണക്കുപ്രകാരം 8% പലിശ ഉൾപ്പടെ 297,67,15,193/- രൂപ] സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിന് തിരിച്ചടയ്ക്കാനുണ്ട്. |
| (ഡി) | പെൻഷൻ വിതരണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ? | (ഡി) | സഹകരണ ബാങ്ക് കൺസോർഷ്യവുമായി ഒപ്പുവെച്ച സാഹചര്യത്തിൽ പെൻഷൻ വിതരണത്തിനായി പുതിയ പദ്ധതികളൊന്നുംതന്നെ ആവിഷ്ക്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ